**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2253** — **30-09-2025 - ൽ മറുപടിയ്ക്ക്**

**പേവിഷബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പേവിഷ വാക്സിൻ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പേവിഷ വാക്സിൻ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല.<br><br>സംസ്ഥാന ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പ മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ സംഭരിച്ച് ഇൻഡന്റിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം നടത്തി വരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേനയാണ്.<br><br>വിവിധ ഘട്ടങ്ങളിലൂടെ കർശന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ചാണ് പേവിഷ പ്രതിരോധ വാക്സിനുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ KMSCL സംഭരിച്ച് വിതരണം ചെയ്തുവരുന്നത്.<br><br>പേവിഷ പ്രതിരോധത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന, RABIES VACCINE FOR HUMAN IP, EQUINE ANTI RABIES IMMUNOGLOBULIN എന്നീ വാക്സിനുകൾ, ടി വാക്സിൻ ഉത്പാദിപ്പിക്കുന്ന കമ്പനികൾ നൽകുന്ന ഇൻ-ഹൗസ് റിപ്പോർട്ടിനു പുറമെ വിതരണം ചെയ്യുന്ന ഓരോ ബാച്ചും സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ (Central Drugs Laboratory, Kasauli) നിന്നും നിശ്ചിത ഗുണനിലവാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ |

സാക്ഷ്യപത്രം ലഭിച്ചതിന് ശേഷം മാത്രമാണ് വിതരണം നടത്തിവരുന്നത്.

ഇത്തരത്തിൽ വിതരണം നടത്തുന്ന പേവിഷ പ്രതിരോധ വാക്സിനുകൾ നിശ്ചിത താപനിലയിൽ (2-8ഡിഗ്രി സെൽഷ്യസിൽ) ആണ് വിതരണം നടത്തുന്നത്. പ്രസ്തുത താപനില ഉറപ്പുവരുത്തുന്നതിന് വാഹനങ്ങളിൽ Temperature Data loggers ദർഘാസ് വ്യവസ്ഥ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതും, പ്രസ്തുത വാക്സിനുകളുടെ വിതരണ സമയത്ത് അതാത് ജില്ലാ വെയർഹൗസുകളിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ താപനില നിരീക്ഷിച്ച് ഉറപ്പുവരുത്താറുള്ളതുമാണ്.

നിശ്ചിത താപനിലയിലല്ല ടി ഇനങ്ങൾ വിതരണം നടത്തിയതെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത വാക്സിനുകൾ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിൽ സ്വീകരിക്കാതെ മടക്കി അയക്കുന്നു. ഇത്തരത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന മരുന്നുകൾ നിശ്ചിത താപനിലയിൽ സൂക്ഷിക്കേണ്ട Walk in cold Room കളിൽ സൂക്ഷിച്ച് ആശുപത്രികളുടെ ആവശ്യകതയ്ക്ക് അനുസൃതമായി വിതരണം നടത്തിവരുന്നു.

Walk-in-cold-Roomകളുടെ താപനിലയും കൃത്യമായി മോണിറ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങൾക്ക് വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ആവശ്യമുള്ളപ്പോൾ ഐസ് പാക്കുകൾ ഇട്ട Cold Box/Thermocol box എന്നിവയിലാണ് വിതരണം ചെയ്യുന്നത്. ഇവയോടൊപ്പം നൽകുന്ന Issue Note-ൽ Cold Chain നിലനിർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകം രേഖപ്പെടുത്തുന്നു.

സ്ഥാപനങ്ങളിൽ വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സൂക്ഷിക്കുന്നത് നിശ്ചിത താപനില (2-8 degree celsius) നിലനിർത്തുന്ന റഫ്രിജറേറ്ററുകളിലാണ്. ഇവയുടെ താപനിലയും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. രോഗികൾക്ക് നൽകുന്നതിന് വേണ്ടി മാത്രമാണ് വാക്സിൻ പുറത്തെടുക്കുന്നത്. ഇപ്രകാരം പുറത്തെടുക്കുന്ന വാക്സിൻ തിരികെ റഫ്രിജറേറ്ററുകളിൽ വയ്ക്കുകയോ നിശ്ചിത Ice Pack -കളുള്ള വാക്സിൻ കാരിയറുകളിൽ സൂക്ഷിക്കുകയോ ആണ് ചെയ്യുന്നത്. കൂടാതെ ഒരിക്കൽ ഉപയോഗിക്കുവാൻ തുടങ്ങിയ വാക്സിൻ വയൽ പരമാവധി 6മണിക്കൂർ വരെ മാത്രമാണ്

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നത്. അധികമുള്ള വാക്സിൻ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.<br><br>2025ൽ പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിട്ടും മരണം സംഭവിച്ച കേസുകളിൽ, പ്രസ്തുത ബാച്ചുകളിലുള്ള ലഭ്യമായ വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ഗുണനിലവാര പരിശോധനയ്ക്കായി സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി, കസൗളിയിൽ വീണ്ടും അയച്ചതിൽ, പരിശോധിച്ച ബാച്ചുകളെല്ലാം ഗുണനിലവാരം പാലിക്കുന്നവയാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിനാൽ പേവിഷ ബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം സംബന്ധിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല. |
| (ബി) | പേവിഷ ബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് പേവിഷ വാക്സിൻ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല.<br><br>സംസ്ഥാന ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ സംഭരിച്ച് ഇൻഡന്റിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം നടത്തി വരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേനയാണ്.<br><br>വിവിധ ഘട്ടങ്ങളിലൂടെ കർശന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ചാണ് പേവിഷ പ്രതിരോധ വാക്സിനുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ KMSCL സംഭരിച്ച് വിതരണം ചെയ്തുവരുന്നത്.<br><br>പേവിഷ പ്രതിരോധത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന, RABIES VACCINE FOR HUMAN IP, EQUINE ANTI RABIES IMMUNOGLOBULIN എന്നീ വാക്സിനുകൾ, ടി വാക്സിൻ ഉത്പാദിപ്പിക്കുന്ന കമ്പനികൾ നൽകുന്ന ഇൻ-ഹൗസ് റിപ്പോർട്ടിനു പുറമെ വിതരണം ചെയ്യുന്ന ഓരോ ബാച്ചും സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ (Central Drugs Laboratory, Kasauli) നിന്നും നിശ്ചിത ഗുണനിലവാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം ലഭിച്ചതിന് ശേഷം മാത്രമാണ് വിതരണം നടത്തിവരുന്നത്. |

ഇത്തരത്തിൽ വിതരണം നടത്തുന്ന പേവിഷ പ്രതിരോധ വാക്സിനുകൾ നിശ്ചിത താപനിലയിൽ (2-8ഡിഗ്രി സെൽഷ്യസിൽ) ആണ് വിതരണം നടത്തുന്നത്. പ്രസ്തുത താപനില ഉറപ്പുവരുത്തുന്നതിന് വാഹനങ്ങളിൽ Temperature Data loggers ദർഘാസ് വ്യവസ്ഥ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതും, പ്രസ്തുത വാക്സിനുകളുടെ വിതരണ സമയത്ത് അതാത് ജില്ലാ വെയർഹൗസുകളിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ താപനില നിരീക്ഷിച്ച് ഉറപ്പു വരുത്താറുള്ളതുമാണ്.

നിശ്ചിത താപനിലയിലല്ല ടി ഇനങ്ങൾ വിതരണം നടത്തിയതെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത വാക്സിനുകൾ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിൽ സ്വീകരിക്കാതെ മടക്കി അയക്കുന്നു. ഇത്തരത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന മരുന്നുകൾ നിശ്ചിത താപനിലയിൽ സൂക്ഷിക്കേണ്ട Walk in cold Room കളിൽ സൂക്ഷിച്ച് ആശുപത്രികളുടെ ആവശ്യകതയ്ക്ക് അനുസൃതമായി വിതരണം നടത്തിവരുന്നു.

Walk-in-cold-Roomകളുടെ താപനിലയും കൃത്യമായി മോണിറ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങൾക്ക് വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ആവശ്യമുള്ളപ്പോൾ ഐസ് പാക്കുകൾ ഇട്ട Cold Box/Thermocol box എന്നിവയിലാണ് വിതരണം ചെയ്യുന്നത്. ഇവയോടൊപ്പം നൽകുന്ന Issue Note-ൽ Cold Chain നിലനിർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകം രേഖപ്പെടുത്തുന്നു.

സ്ഥാപനങ്ങളിൽ വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സൂക്ഷിക്കുന്നത് നിശ്ചിത താപനില (2-8 degree celsius) നിലനിർത്തുന്ന റഫ്രിജറേറ്ററുകളിലാണ്. ഇവയുടെ താപനിലയും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. രോഗികൾക്ക് നൽകുന്നതിന് വേണ്ടി മാത്രമാണ് വാക്സിൻ പുറത്തെടുക്കുന്നത്. ഇപ്രകാരം പുറത്തെടുക്കുന്ന വാക്സിൻ തിരികെ റഫ്രിജറേറ്ററുകളിൽ വയ്ക്കുകയോ നിശ്ചിത Ice Pack -കളുള്ള വാക്സിൻ കാരിയറുകളിൽ സൂക്ഷിക്കുകയോ ആണ് ചെയ്യുന്നത്. കൂടാതെ ഒരിക്കൽ ഉപയോഗിക്കുവാൻ തുടങ്ങിയ വാക്സിൻ വയൽ പരമാവധി 6മണിക്കൂർ വരെ മാത്രമാണ് ഉപയോഗിക്കുന്നത്. അധികമുള്ള വാക്സിൻ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.

| | | | |
|---|---|---|---|
| | | | 2025ൽ പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിട്ടും മരണം സംഭവിച്ച കേസുകളിൽ, പ്രസ്തുത ബാച്ചുകളിലുള്ള ലഭ്യമായ വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ഗുണനിലവാര പരിശോധനയ്ക്കായി സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി, കസൗളിയിൽ വീണ്ടും അയച്ചതിൽ, പരിശോധിച്ച ബാച്ചുകളെല്ലാം ഗുണനിലവാരം പാലിക്കുന്നവയാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിനാൽ പേവിഷ ബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം സംബന്ധിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല. |

സെക്ഷൻ ഓഫീസർ